## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166** **16-03-2022 - ൽ മറുപടിയ്ക്ക്**

## തൊഴിലുറപ്പ് പദ്ധതിക്ക് അനുവദിച്ച തുക

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എ. രാജ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ഒ . ആർ. കേളു</td><td colspan="2">null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേന്ദ്ര ബജറ്റിൽ നടപ്പുവർഷം തൊഴിലുറപ്പ് പദ്ധതിക്ക് അനുവദിച്ച തുകയിൽ ഇരുപത്തി അയ്യായിരം കോടി രൂപ കുറവുവരുത്തിയത് കാർഷികവൃത്തിയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിക്കുന്ന ചെറുകിട കർഷകർ ഉൾപ്പടെയുള്ള സംസ്ഥാനത്തെ സാധാരണ ജനവിഭാഗത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;</td><td>(എ)</td><td>2021-22 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ ആകെ 98,000 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 2022-23 വർഷത്തേയ്ക്ക് 73,000 കോടി രൂപ മാത്രമേ നിലവിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. കേന്ദ്ര വിഹിതത്തിൽ വരുന്ന ഈ ഇരുപത്തി അയ്യായിരം കോടി രൂപയുടെ കുറവ് പദ്ധതി നിർവ്വഹണത്തിന്റെ അവസാന മാസങ്ങളിൽ അവിദഗ്ധ തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം വൈകുന്നതിന് കാരണമായേക്കാം. നിലവിലെ കോവിഡ് പ്രതിസന്ധിയിൽ തൊഴിലും വരുമാന മാർഗ്ഗങ്ങളും നഷ്ടപ്പെട്ട ചെറുകിട കർഷകർ ഉൾപ്പെടെയുള്ള ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിതത്തെ ഇത് കൂടുതൽ പ്രതിസന്ധിയിലാക്കാനിടയുണ്ട്. കൂടാതെ പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ സാധന ഘടകം വിതരണം ചെയ്യുന്ന വെണ്ടർമാർക്കുള്ള തുകയും വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികൾക്കുള്ള വേതനവും വൈകുന്നതിന് ഇടവരുത്താവുന്നതും അതിലൂടെ ഗ്രാമപ്രദേശങ്ങളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങളിലും ദരിദ്ര കുടുംബങ്ങളുടെ ഉപജീവന ആസ്തികളുടെ നിർമ്മാണത്തിലും പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്യേക്കാവുന്നതാണ്.</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്തിന് പൊതുവിൽ ഗുണകരമാകുംവിധം കേന്ദ്ര ബജറ്റ് നിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?</td><td>(ബി)</td><td>തൊഴിലുറപ്പ് തൊഴിലാളികളെ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് വിഭാഗം എന്നിങ്ങനെ തരംതിരിച്ച് ഫണ്ട് വിതരണം ചെയ്യുന്ന രീതി നടപ്പിലാക്കിയതുവഴി ഈ മേഖലയിലുണ്ടായ അസ്വാസ്ഥ്യം സർക്കാർ തിരിച്ചറിയുകയും മേൽ പരിഷ്കാരം അവസാനിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. മേൽ</td></tr>
</table>

| | | | |
|---|---|---|---|
| | | | തീരുമാനം നടപ്പ് വർഷത്തെ കേന്ദ്ര ബഡ്ജറ്റിലും തുടരുന്ന സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പിൻവലിക്കാനാവശ്യമായ നിരന്തര സമ്മർദ്ദം കേന്ദ്ര സർക്കാരിൽ ചെലുത്തുന്നതാണ്. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ പൊതുഭൂമിയുടെ അപര്യാപ്തതയും മറ്റും കണക്കിലെടുത്ത് തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തിന് അനുഗുണമായ വിധത്തിലുള്ള ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുവാദം നൽകണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 1. ഗ്രാമപ്രദേശങ്ങളിലെ പൊതുസ്ഥാപനങ്ങളായ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, പഞ്ചായത്ത് ഓഫിസ് കെട്ടിടങ്ങൾ, അങ്കണവാടികൾ, വില്ലേജ് ഓഫിസ് എന്നിവയ്ക്ക് ചറ്റുമതിൽ നിർമ്മിക്കൽ 2. സ്വകാര്യ കുളങ്ങളിലെ മൽസ്യ കൃഷി 3. വനാതിർത്തി പ്രദേശങ്ങളിൽ ഫയർ ലൈൻ നിർമ്മാണം, 4. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ബയോഫ്ളോക്ക് അക്വ കൾച്ചർ സിസ്റ്റം നിർമ്മിച്ച് നൽകൽ 5. സ്വകാര്യ ഭൂമിയിൽ കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന വൃക്ഷത്തൈ നഴ്സറികൾ സ്ഥാപിക്കൽ 6. ഉരുൾപൊട്ടൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ദുർബല കുടുംബങ്ങളുടെ വീടുകൾക്ക് സപ്പോർട്ട് വാൾ നിർമ്മാണം 7. കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ മുഖേന തരിശ് ഭൂമി പാട്ടത്തിനെടുത്ത് കൃഷി നടത്തൽ |

സെക്ഷൻ ഓഫീസർ